# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വരാപ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം(പി13)97/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 28/03/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വരാപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-ഇ.കെ.എം(പി13)97/23 തീയ്യതി: 28/03/2023

## എറണാകുളം ജില്ലയിലെ വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 16-01-2023 | 24-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-01-2023 | 24-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സാലി ജോസഫ്, ഓഡിറ്റ് ഓഫീസർ (ഹഗ്രേ)
റഷീദ് സി എം , അസി.ഓഡിറ്റ് ഓഫീസർ
പുഷ്പ ആർ , അസി.ഓഡിറ്റ് ഓഫീസർ
ടിനു കെ.ജെ ,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| കൊച്ചുറാണി ജോസഫ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ബീഗം സൈന.ബി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ജോർജ്ജ്.വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 10-01-2022 |
| ആന്റണി.എം.എ | അസിസ്റ്റന്റ് സെക്രട്ടറി | 11-01-2022 | 31-03-2022 |
| അഞ്ജു മരിയം എബ്രഹാം | കൃഷി ഓഫീസർ | 01-04-2021 | 12-05-2021 |
| ചാന്ദിനി.എസ്.എം | കൃഷി ഓഫീസർ | 13-05-2021 | 31-03-2022 |
| ലക്ഷ്മി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| കെ.എൽ.ആൽബി | എച്ച് .എം ,ഗവ.യു.പി സ്കൂൾ | 01-04-2021 | 31-05-2021 |
| ലജി വർക്കി | എച്ച് .എം ,ഗവ.യു.പി സ്കൂൾ | 01-06-2021 | 31-03-2022 |
| രാജീവ് ഗോപാൽ | അസിസ്റ്റന്റ് എഞ്ചിനിയർ(എൽ.എസ്.ജി.ഡി) | 01-04-2021 | 31-03-2022 |
| ഡോ.അപ്പു സിറിയക് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ.സാജു.എൻ.രാജൻ | മെഡിക്കൽ ഓഫീസർ(ഐ.എസ്.എം) | 01-04-2021 | 31-03-2022 |
| സീന അഗസ്റ്റിൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ഡോ.നമിത നായിക് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| റിനി.സി.എം | വി. ഇ. ഒ | 01-04-2021 | 31-03-2022 |
| ശുഭ.വി.നായർ | വി. ഇ. ഒ | 01-04-2021 | 31-03-2022 |
| സുനിൽ കുമാർ.എം.ഡി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 25-05-2021 |
| ഒഴിവ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 26-05-2021 | 04-07-2021 |
| സ്നേഹ ജോസഫ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 05-07-2021 | 21-10-2021 |
| ഒഴിവ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 22-10-2021 | 31-03-2022 |
| ഒഴിവ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 18-04-2021 |
| മെറിമ ജോസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | പാസ്സ് ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കില്ല. | 1-11 |
| 13 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല. | 1-12 |
| 14 | പ്രഥമ മേഖലയിൽ ഉൾപ്പെടേണ്ട കെട്ടിടങ്ങളെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി വസ്തുനികുതി ഇളവ് നൽകി | 1-13 |
| 15 | വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി വർദ്ധനവ് ചെയ്തില്ല.പ്രതിവർഷം 3059 രൂപയും നാളിത് വരെ 29061 രൂപയും നികുതി നഷ്ടം. | 1-14 |
| 16 | താഴത്തെ നിലക്ക് മാത്രം നമ്പർ അനുവദിക്കപ്പെട്ട കെട്ടിടം മൂന്ന് നിലകളിൽ പ്രവർത്തിക്കുന്നു. | 1-15 |
| 17 | ബൈലോ തയ്യാറാക്കാതെ ഹാൾ വാടകക്ക് നൽകുന്നു. | 1-16 |
| 18 | റോഡ് റിസ്റ്റോറേഷൻ ഫീസ് 2.41 കോടി രൂപ ലഭിച്ചില്ല – റോഡുകൾ നാല് വർഷമായി തകർന്ന് കിടക്കുന്നു. | 1-17 |
| 19 | തനത് ഫണ്ട് വൗച്ചറുകൾ | 1-18 |
| 20 | ഗ്രോബാഗിൽ പച്ചക്കറി തൈ വിതരണം | 1-19 |
| 21 | പഞ്ചായത്ത് ഓഫീസ് സോളാർ സിസ്റ്റം - ഓൺ ഗ്രിഡ് സിസ്റ്റമാക്കിമാറ്റൽ | 1-20 |
| 22 | തെരുവു വിളക്ക പരിപാലനം- ട്യൂബ്സെറ്റ് വാങ്ങൽ | 1-21 |
| 23 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-22 |
| 24 | ഓഡിറ്റ് ഇംപാക്ട് | 1-23 |
| | ഭാഗം **2** | |
| | --- No Records Found --- | |

| | | |
|---|---|---|
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സ്ഥിരനിക്ഷേപം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-2022 വർഷത്തെ ബജറ്റ് 20.02.2021 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു.

| | 2021- 2022 പുതുക്കിയ ബജറ്റ് പ്രകാരം | 2021- 2022 വാർഷിക ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| വരവ് | 22,57,79,938 | 85938004- | (-)139841934 |
| ചെലവ് | 23,05,07,800 | 90094835- | (-)140412965 |

ബജറ്റ് പ്രകാരമുള്ള വരവും ചെലവും, വാർഷിക ധനകാര്യപത്രികയിലെ തൻവർഷ വരവുംചെലവും തമ്മിൽ 1.4കോടി രൂപയുടെ വ്യത്യാസമുണ്ട്. വിവിധ നികുതി- നികുതിയേതര വരവുകളിൽ ബജറ്റും, യഥാർത്ഥ വരവും തമ്മിൽ ഗണ്യമായ വ്യത്യാസം ഇല്ലെങ്കിലും, വായ്പായിനത്തിലും, സംസ്ഥാനാവിഷ്കൃത ഗ്രാന്റിനത്തിലും പ്രതീക്ഷിത വരുമാനത്തിൽനിന്നും വളരെ കുറവാണ് യഥാർത്ഥവരവ്. ഇതുമൂലമാണ് ബജറ്റിലെ വരവ് കണക്കുകളുമായി യഥാർത്ഥ വരവിന് വലിയ വ്യത്യാസം വന്നിരിക്കുന്നത് എന്ന് വ്യക്തമാകുന്നു. കൂടാതെ MNREGS, ക്ഷേമപെൻഷൻ തുകകൾ എന്നിവ ഉൾപ്പെടുത്തിയാലും ബജറ്റ് കണക്കുകളും യഥാർത്ഥ കണക്കുകളും തമ്മിൽ വലിയ അന്തരം ഉണ്ട്. ബജറ്റ് കൂടുതൽ യാഥാർത്ഥ്യത്തോട് പൊരുത്തപ്പെടുന്ന രീതിയിൽ തയ്യാറാക്കാവുന്നതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/2022 | 24/07/2022 |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1) താഴെപ്പറയുന്ന ഇനങ്ങളുടെ മുൻവർഷ കുടിശ്ശിക, തൻവർഷ വരവ് എന്നിവ നീക്കിയിരുപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

എ) വസ്തു നികുതി (Arrear)

സി) തൊഴിൽ നികുതി (Traders)

കൂടാതെ, ബാലൻസ് ഷീറ്റ് B15 ഷെഡ്യൂളിലുള്ള എല്ലാ ഇനങ്ങളുടെയും മുൻവർഷ കുടിശ്ശിക, തൻവർഷ വരവ് എന്നിവ നീക്കിയിരുപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല. എന്നാൽ ഇതു സംബന്ധിച്ച കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം സൂക്ഷിച്ചിട്ടില്ല.

2) CGST, SGSTഇനത്തിൽ മുൻവർഷ കുടിശ്ശിക, തൻവർഷം വരവായതും അടവാക്കിയതുമായ തുകകളും ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിൽ അവശേഷിക്കുന്ന തുകയുമായി പൊരുത്തപ്പെടുന്നില്ല.

3) സ്ഥിര നിക്ഷേപത്തിനായി പിൻവലിച്ച തുക 50,00,000/-രൂപ 9/2021 ൽ പിൻവലിച്ചെങ്കിലും 3/2022 ലാണ് വൗച്ചറിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

4) വൗച്ചറുകൾ ക്രമ നം പ്രകാരമല്ല രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുള്ളത്. വൗച്ചറുകളുടെ വിശദാംശങ്ങൾ

രേഖപ്പെടുത്തി സൂക്ഷിക്കുന്ന രജിസ്റ്ററിൽ ശരിയായ വിവരങ്ങൾ അല്ല രേഖപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ട് ചെലവിനങ്ങളുടെ ആധികാരികത വ്യക്തമാകുന്നില്ല.

5) തനത് ഫണ്ട് വകയിരുത്തിയ പ്രോജക്റ്റുകളുടെ ചെലവുകൾ ചിലത് ചെലവു രേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല. (ഉദാ- വരാപ്പുഴ ഗ്രാമ പഞ്ചായത്ത് ഓഫീസിലേയ്ക്ക് ലാപ്പ് ടോപ്പ് വാങ്ങൽ പ്രോജ നം 198/21-22തുക 1,10,000/- രൂപ, ഓൺ ഗ്രിഡ് സോളാർ സിസ്റ്റം പ്രോജ നം 177/21-22 തുക 68321 രൂപ,)

6) ധനകാര്യകമ്മീഷൻ ഗ്രാന്റ് -ബാങ്കിൽ നീക്കിയിരുപ്പുള്ള തുകയും ലാപ്സായ തുകയും ACR റുമായി പൊരുത്തപ്പെടുന്നില്ല.

7) ചുവടെ ചേർക്കുന്ന ബാങ്ക് അക്കൌണ്ടുകൾ നിലവിലുണ്ടായിരുന്നെങ്കിലും വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1)A/c No. 01992201000l008 (Ubi)

2)A/c No. 799013100000290 (Treasury)

8. വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

9. സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കി പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ്.

10. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ് ))

11. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർഥമൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,82,16,119.80 |
| വരവ് | 85938004.00 |
| ആകെ | 104154123.00 |
| ചെലവ് | 90094835.00 |
| നീക്കിയിരിപ്പ് | 14059288.00 |

| | |
|---|---|
| വരവ് നഷ്ടം | ഇല്ല |
| ചെലവ് നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 16,51,270.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 11697067 | 11697067 | 11688873 | 0 | 8194 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 1612000 | 1612000 | 1196507 | 0 | 415493 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 15915000 | 15915000 | 14955828 | 0 | 959172 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5273084 | 5273084 | 4138372 | 0 | 1134712 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 0 | 2560879 | 2560879 | 2486733 | 10600 | 63546 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 0 | 8010205 | 8010205 | 5989081 | 1178824 | 842300 |
| കേന്ദ്രാവിഷ്കൃതഫണ്ട്- | | | | | | |
| ICDS- 320 100 121 | 376644 | 829133 | 1205777 | 716988 | 488789 | |
| BSUP-320 100 114 | 521363 | 13786 | 535149 | 0 | 535149 | |
| 320 100 204 MP Fund | 32 | 0 | 32 | 0 | 32 | |
| Pension Fund - Central Share 320 100 199 | 94482 | 0 | 94482 | 0 | 94482 | |
| Central Gov Award | 288681 | | 288681 | | 288681 | |
| സംസ്ഥാനാവിഷ്കൃതഫണ്ട്- | | | | | | |
| 320 200 304 പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ് നിർമ്മാണം | 609500 | 0 | 609500 | 375500 | 234000 | |
| സംസ്ഥാനാവിഷ്കൃതഫണ്ട്- | 721982 | 180723 | 902705 | 0 | 902705 | |
| 320 200 309 സാക്ഷരതാ മിഷൻ ഫണ്ട് | 3746 | 113 | 3859 | 0 | 3859 | |
| 320 200 399 വിമുക്തി | 18000 | 0 | 18000 | 0 | 18000 | |
| 320 200 322 ശുചിത്വ മിഷൻ ഫണ്ട് | 1763048 | 0 | 1763048 | 961180 | 801868 | |
| 320 300 103 സമ്പൂർണ്ണ ശുചിത്വം | 1553181 | 0 | 1553181 | 600250 | 952931 | |
| 320 300 199 ആശ്രയ | 480500 | 0 | 480500 | 0 | 480500 | |
| ശുചിത്വമിഷൻ | | 150000 | 150000 | 150000 | 0 | |

1) ധനകാര്യകമ്മീഷൻ ഗ്രാന്റ് -ബാങ്കിൽ നീക്കിയിരുപ്പുള്ള തുക ACRുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

2) 2020-21 വർഷം സോളിഡ് വെയ്സ്റ്റ് മാനേജ്മെന്റ് ഫണ്ട് ലഭിച്ചതിൽ ചെലവഴിച്ചത് കിഴിച്ച് ബാക്കി തുക 278932/- രൂപയാണ്. ശുചിത്വമിഷൻ ഫണ്ട് ലഭിച്ചതിൽ ചെലവഴിച്ചത് കിഴിച്ച് ബാക്കി തുക 1484116/-രൂപയാണ്. ടി തുകകൾ ബി-4 ഷെഡ്യൂളിൽ 320100103 എന്ന ഹെഡ്ഡിൽ ആകെ നീക്കിയിരിപ്പ് 1763048/-(278932 +1484116) ആയിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 1763048/- രൂപ തന്നെയാണ് 2021-22 വർഷത്തെ മുന്നിരിപ്പ് തുകയായി ചേർത്തിട്ടുള്ളത്

3) വികസനഫണ്ടിൽ നിന്നും GO പ്രോജക്ടിനായി ചെലവഴിച്ച തുക ഉൾപ്പെടെയാണ് സൂചിപ്പിച്ചിട്ടുള്ളത്. പഞ്ചായത്തിന് വിവിധ കേന്ദ്രാവിഷ്കൃ - സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കുവേണ്ടി മുൻവർഷങ്ങളിലും, തൻവർഷവും കിട്ടിയ ഗ്രാന്റുകൾ ഒട്ടുംതന്നെ ചെലവാകാതെ അക്കൗണ്ടിൽ നിഷ്ക്രിയമായി കിടക്കുന്ന സ്ഥിതിവിശേഷം കാണുന്നുണ്ട്. ഉദാഹരണമായി സമ്പൂർണ്ണ ശുചിത്വം ഫണ്ടിനത്തിൽ മുൻസാമ്പത്തികവർഷം ലഭ്യമായതിൽ 15,53,181/- രൂപയും, ഖരമാലിന്യ നിർമ്മാർജ്ജന പരിപാടിക്കായി തൻവർഷം ലഭിച്ച തുകയിൽ നിന്ന് ചെലവ് കിഴിച്ച് 17,63,048 തൻവർഷം ചെലവാകാതെ നീക്കിയിരുപ്പുണ്ട്. മേൽപ്പറഞ്ഞ ഫണ്ടുകൾ പ്രസ്തുത പ്രൊജക്ടുകൾക്കു വേണ്ടി ചെലവാക്കുകയോ, അല്ലെങ്കിൽ ഫണ്ട് അനുവദിച്ച ഏജൻസിയുമായി ബന്ധപ്പെട്ട് തുക തിരികെ നൽകാൻ വേണ്ട നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ട് (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 168 | 893568849 | 150 | 56618525 | 6 | 12 | 144 | 85.7% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 464552 | 1007291 | 1471843 | 1471843 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 16069956 | 16069956 | 16069956 | 0 |
| ആകെ | 464552 | 17077247 | 17541799 | 17541799 | |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 4865000 | 233 |
| വിധവാപെൻഷൻ | 20456100 | 1070 |
| വാർദ്ധക്യകാലപെൻഷൻ | 46332400 | 2602 |
| വികലാംഗപെൻഷൻ | 5756700 | 296 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1065600 | 55 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 0 | 0 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.01.2023 തീയതിയിൽ ഉച്ചയ്ക്ക് 2.20 P.M ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18099/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ചുവടെ ചേർക്കുന്ന മേഖലകളിൽ കാര്യക്ഷമമാക്കേണ്ടതാണ്. താഴെപ്പറയുന്ന സംഗതികളിൽ പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

3. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർഥമൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രിസിയേഷൻ നല്കിയും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4. 2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പ്രസ്തുത നിധിയിലേക്ക് ധനസമാഹരണം നടത്തി അതിൽ നിന്നും ദുരിതമനുഭവിക്കുന്നവർക്ക് സഹായം നൽകുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

5. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. ജീവനക്കാരുടെ അർദ്ധ വാർഷിക വരുമാനം രേഖപ്പെടുത്തി സ്ഥാപനങ്ങൾ സമർപ്പിക്കുന്ന തൊഴിൽ നികുതി റിട്ടേണുകൾ തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയതിനനുസൃതമായി ക്രമമായി സൂക്ഷിക്കുന്നില്ല.

6. ഡി.സി.ബി വിവരങ്ങൾ വരവ് രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നില്ല. ഉദാ: തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പുടുത്തിയ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ലഭ്യമായ ആകെ വരവ് വിവരം തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല. വാടക രജിസ്റ്ററിൽ ഡി സി ബി വിവരങ്ങൾ രേഖപ്പെടുത്തിയില്ല.

7. ലേല ഡയറി തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ലേലം ചെയ്തതിന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

8. തെരുവുവിളക്കുകളുടെ മെയിന്റെൻസിനായി ടെൻഡർ ക്ഷണിക്കുമ്പോൾ തെരുവുവിളക്കുകളുടെ എണ്ണം കണക്കാക്കി ആവശ്യകത ശരിയാംവിധം നിർണ്ണയിച്ചതിനുശേഷം ടെൻഡർ ക്ഷണിക്കേണ്ടതാണ്.

9. വാർഷിക ധനകാര്യ പത്രികയിൽ ധാരാളം അപാകതകൾ ഉള്ളത് പരിഹരിക്കേണ്ടതാണ്. കൂടാതെ പണം പിൻവലിക്കലുകൾക്കായി കൃത്യമായ രേഖകൾ സൂക്ഷിക്കേണ്ടതാണ്.

### 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.10.2022 | 01.10.2021 മുതൽ 31.03.2022വരെ | 01.11.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.08.2016 | 2011-12മുതൽ 2015-16വരെ | 07.10.2016 |

### 1-11 പാസ്സ് ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കില്ല.

ചുവടെ ചേർക്കുന്ന ബാങ്ക് /ട്രഷറി അക്കൗണ്ടുകളുടെ 2021-22 വർഷത്തെ പാസ്സ് ബുക്കുകൾ അല്ലെങ്കിൽ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

I) 39524667415

Ii) 110080388307

Iii) 19922010000319

Iv) 799011400000774 (ട്രഷറി)

V) 19900101006650

Vi) 7110331400000010

Vii) 1103

Viii)19922010001009

Xi)10160100226851

X)67061683056

പാസ്സ് ബുക്കുകൾ അല്ലെങ്കിൽ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് 21.01.2023 ൽ 19ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല.

1-12 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല.

വരാപ്പുഴ ഗ്രാമ പഞ്ചായത്തിൽ 2021-2022 സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) F.T.EO ലൈസൻസ് എടുത്ത താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല. തൊഴിൽനികുതി ഈടാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് അപേക്ഷ നമ്പർ | കെട്ടിട നമ്പർ |
|---|---|---|---|
| 1 | സായ് ഹീറോ | 3 | 3/24/C |
| 2 | വരാപ്പുഴ മെഡിക്കൽ സെന്റർ | 26 | 3/349 |
| 3 | മൈ കല്യാൺ, കല്യാൺ ജുവല്ലേഴ്സ് ഇന്ത്യ ലിമിറ്റഡ്, ഓഫീസ് | 29 | 8/25/A |
| 4 | ആര്യഭംഗി ഹോണ്ട ടൂവീലദർ സെയ്ൽസ് & സർവീസസ് | 39 | 4/224/A |
| 5 | തളിയത്ത് ഡെന്റൽ ക്ലിനിക്ക് | 43 | 3/444 |
| 6 | ദുർഗ്ഗ പ്രിന്റേഴ്സ് | 62 | 13/578 |
| 7 | ഇൻഫന്റ് ജീസസ് ഡയഗ്നോസ്റ്റിക് സെന്റർ മെഡിക്കൽ ലബോറട്ടറി | 115 | 3/429 |
| 8 | എക്സ് എൽ പ്രിന്റേഴ്സ് പ്രസ്സ് | 131 | 14/605 |
| 9 | സെന്റ് ആന്റണീസ് ഡയഗ്നോസിസ് സെന്റർ | 139 | 14/279 |
| 10 | മുളവരിക്കൽ ഡെന്റൽ ക്ലിനിക്ക് | 153 | 14/699 |
| 11 | തളിയത്ത് ഡെന്റൽ ക്ലിനിക്ക് | 228 | 14/412/B |
| 12 | അനഘശ്രീ ലോജിസ്റ്റിക്സ് & ട്രാവൽസ് | 291 | 14/1006/E |
| 13 | VOLTEMP MEP SOLUTIONS ഓഫീസ് | 300 | 14/968 |
| 14 | കവിത ജ്വല്ലറി | 304 | 14/125 |
| 15 | ഡോ.ടി.എച്ച് ഫൈസൽ ഹോമിയോ ഹോസ്പിറ്റൽ, ഹോമിയോ ക്ലിനിക്ക് | 356 | 3/438, 3/439 |
| 16 | എസ് എൻ മോട്ടോഴ്സ് | 388 | 4/5A, 4/5/B |
| 17 | പി ബി എന്റർപ്രൈസസ് കൊറിയർ സർവീസ് | 395 | 3/467 |
| 18 | വോഡഫോൺ ഐഡിയ ലിമിറ്റഡ് | 486 | 7/501/A |
| 19 | മംഗലത്ത് ജ്വല്ലറി | 552 | 14/167 |
| 21 | അമൽ ഇന്ത്യ ട്രാവൽസ് ഓഫീസ് | 556, 557 | 5/286/A, 4/51 |
| 22 | സഹകരണ മെഡിക്കൽ ലാബ് | 562 | 14/254 |
| 23 | പ്രോവിഡൻസ് ഐ കെയർ | 573 | 14/56 |

| | | | |
|---|---|---|---|
| 24 | ഇലക്ട്രിക് വീൽസ് | 582 | 3/4,5 |
| 25 | നീതി ലബോറട്ടറി | 641 | 9/260/A |
| 26 | ലൈം ടി ഡിജിറ്റൽ അഡ്വർട്ടൈസിംഗ് | 675 | 2/226/D |
| 27 | ടോട്ടൽ കേബിൾ ടിവി നെറ്റ് വർക്ക് | 688 | 14/57 |
| 28 | വാൻ ഇലക്ട്രിക് മോട്ടോ പ്രൈവറ്റ് ലിമിറ്റഡ് | 711 | 1/141/D,E,F |

2) പഞ്ചായത്ത്പരിധിയിൽ പ്രവർത്തിക്കുന്ന ആധാരം എഴുത്ത് സ്ഥാപനങ്ങൾ, കമ്പ്യൂട്ടർ സെന്ററുകൾ, സ്വകാര്യ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ മുതലായവയിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല .ഈടാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല.

മേൽ ചേർത്ത അപാകതകൾ സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (18/21-1-2023) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-13 പ്രഥമ മേഖലയിൽ ഉൾപ്പെടേണ്ട കെട്ടിടങ്ങളെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി വസ്തുനികുതി ഇളവ് നൽകി

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6.1 പ്രകാരം പ്രഥമ മേഖലയിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതിയിൽ ഇളവ് നൽകാൻ പാടില്ല. വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 5-1-2011 ലെ പഞ്ചായത്ത് കമ്മിറ്റി I(2) നമ്പർ തീരുമാന പ്രകാരം 3,4,8,9,10,13,14 വാർഡുകളിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളെ പ്രഥമ മേഖലയിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ സഞ്ചയ Form 6, Assessment Details എന്നിവ പ്രകാരം ഈ വാർഡുകളിൽ ഉൾപ്പെട്ട ചില കെട്ടിടങ്ങൾക്ക് ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി നികുതി ഇളവ് നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗ ക്രമം | തറ വിസ്തീർണ്ണം (ച.മീ) | നിശ്ചയിച്ച് ഈടാക്കുന്ന വാർഷിക വസ്തു നികുതി (എൽ. സി ഉൾപ്പെടാതെ) | ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി മേഖല ഇനത്തിൽ നൽകിയ ഇളവ് | നികുതി നിർണ്ണയിച്ച വർഷം | 2022 ഒന്നാം അർദ്ധ വർഷം വരെ അനുവദിച്ച ഇളവ് |
|---|---|---|---|---|---|---|---|---|
| 1 | 3/536/A | പരമേശ്വരൻ, ടെസ്സി പരമേശ്വരൻ (ചുട്ടകാട്പറമ്പിൽ, ചിറക്കകം സൌത്ത് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 11.84 | 320 | 35 | 2013 ഒന്നാം അർദ്ധ വർഷം | 333 |
| 2 | 10/411/D | പാപ്പച്ചൻ എന്ന നിക്കോളാസ് മകൻ സാബു എന്ന അഗസ്റ്റിൻ (തൈപറമ്പിൽ, ഉണ്ടത്തുംകടവ്) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 48.01 | 1153 | 144 | 2016 രണ്ടാം അർദ്ധ വർഷം | 1008 |
| 3 | 10/29/A | ആന്റണി പെരേര ഭാര്യ ഡിഫ്ന, തോപ്പിൽ, എടംപാടം വരാപ്പുഴ പി.ഒ | പാർപ്പിടാവശ്യം | 267.31 | 1685 | 160 | 2016 രണ്ടാം അർദ്ധ വർഷം | 1120 |
| 4 | 14/12/A | ആൻറണി പാപ്പു, തേരുള്ളി,ചിറയ്ക്കകം | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം | 26.63 | 879 | 79 | 2016 രണ്ടാം അർദ്ധ വർഷം | 553 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | ഉൾപ്പടെ) | | | | | |
| 5 | 8/259/A | പി എൻ ബാബു, പുഴക്കരേടത്ത്, മണ്ണംതുരുത്ത് | പാർപ്പിടാവശ്യം | 161.82 | 874 | 97 | 2013 ഒന്നാം അർദ്ധ വർഷം | 917 |
| 6 | 9/398/A | ബ്രൌൺ ബ്രൂണോ കൊറയ (മണപ്പുറത്ത് ഹൗസ്, എടമ്പാടം, വരാപ്പുഴ) | പാർപ്പിടാവശ്യം | 271.34 | 1466 | 162 | 2017 ഒന്നാം അർദ്ധ വർഷം | 891 |
| ആകെ | | | | | | | | 4822 |

പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിലെ വ്യവസ്ഥകൾ പ്രകാരം പ്രഥമ മേഖലയിൽ ഉൾപ്പെടേണ്ട മേൽ കെട്ടിടങ്ങളെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി വസ്തുനികുതി ഇളവ് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(3/18-1-2023) ഇളവ് ലഭിച്ച കെട്ടിടങ്ങൾ ഡാറ്റാ പ്യൂരിഫിക്കേഷനിലൂടെ തിരുത്തൽ വരുത്തി കുറവ് വന്ന തുക 31-3-2022 നുള്ളിൽ ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-14 വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി വർദ്ധനവ് ചെയ്തില്ല.പ്രതിവർഷം 3059 രൂപയും നാളിത് വരെ 29061 രൂപയും നികുതി നഷ്ടം.

ബിജു ജോസഫ്, ജിജി ജോസഫ് മാനേജിംഗ് പാർട്ന്നർ നവ്യ ബേക്കേഴ്സ് ചിറക്കകം എന്നിവരുടെ ഉടമസ്ഥതയിൽ നിലവിലുള്ള 14/535/A നമ്പർ കെട്ടിടത്തിന്റെ ARV അടിസ്ഥാനത്തിലുള്ള കെട്ടിടനികുതി 11016/- രൂപയും (എൽ.സി ഇല്ലാതെ) കെട്ടിട നമ്പർ 7/187/A ഉം ആയിരുന്നു. 2012 രണ്ടാം അർദ്ധവർഷം വരെ ഈ തുകയാണ് വസ്തുനികുതി ആയി ഡിമാന്റ് ചെയ്ത് ഈടാക്കിയത്. 2013 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വാണിജ്യാവശ്യത്തിനുള്ളതും നിലവിലുള്ളതുമായ ഒരു കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി ആദ്യമായി നിശ്ചയിക്കുമ്പോൾ തൊട്ട് മുമ്പ് നിലവിലുണ്ടായിരുന്ന വാർഷിക വസ്തുനികുതിയിൽ വർദ്ധനവ് ഉണ്ടാകുന്നവെങ്കിൽ അപ്രകാരമുള്ള വർദ്ധനവ് നിലവിലുള്ള വാർഷിക വസ്തുനികുതിയുടെ നൂറ്റി അൻപത് ശതമാനത്തിൽ അധികരിക്കാൻ പാടില്ലാത്തതും ഈ പരിധിക്ക് വിധേയമായി നിലവിലുള്ള പ്രസ്തുത കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി നിശ്ചയിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 27-4-2015 ലെ സ.ഉ.(എം.എസ്)നം.144/15/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഈ വർദ്ധനവ് 100 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. മേൽ സൂചിപ്പിച്ച കെട്ടിത്തിന്റെ വസ്തുനികുതി തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കുമ്പോൾ ആയത് നിലവിലുള്ള വാർഷിക വസ്തുനികുതിയുടെ നൂറ് ശതമാനത്തിൽ (22032/- രൂപ) അധികരിക്കുന്നില്ല. ടി കെട്ടിടത്തിന്റെ വസ്തുനികുതി 2013 ഒന്നാം അർദ്ധവർഷം മുതൽ തറവിസ്തീർണ്ണാടിസ്ഥാനത്തിൽ നിർണ്ണയിച്ച് ഈടാക്കിയിട്ടുണ്ട്. വസ്തുനികുതി നിർണ്ണയ വിവരം താഴെ ചേർക്കുന്നു.

| തറ വിസ്തീർണ്ണം | ഉപയോഗ ക്രമം | അടിസ്ഥാന വസ്തു നികുതി നിരക്ക് | അടിസ്ഥാന വസ്തുനികുതി | ഇളവുകൾ | വർദ്ധനവുകൾ | വസ്തു നികുതി |
|---|---|---|---|---|---|---|
| 218.52 ച.മീ | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 70 | 15296.4 | ഇല്ല | ഇല്ല | 15297 |

മേൽ കെട്ടിടത്തിന്റെ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന് പറവൂർ - വരാപ്പുഴ റോഡിൽ (വരാപ്പുഴ- ചെട്ടിഭാഗം റോഡ്) നിന്നും പ്രവേശനമാർഗ്ഗമുണ്ട്. മേൽ പി ഡബ്ല്യു ഡി റോഡിന്റെ വീതി 5 മീറ്ററിലധികമാണ്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും

സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6 പട്ടിക2.1 പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതാണ്. എന്നാൽ മേൽ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയത്തിൽ ആയത് പാലിച്ചിട്ടില്ല. ആയതിനാൽ പ്രതിവർഷം 3059 രൂപയും 2022 ഒന്നാം അർദ്ധവർഷം വരെ 29061 രൂപയും വസ്തുനികുതി നഷ്ടമുണ്ടായിട്ടുണ്ട്. ഇത് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ –10/20-1-2023) വസ്തുനികുതി ഇപ്രകാരം ശരിയായി നിർണ്ണയിച്ച് സഞ്ചയയിൽ മാറ്റം വരുത്തി 2013 മുതൽ കുറവ് വന്ന തുക കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-15 താഴത്തെ നിലക്ക് മാത്രം നമ്പർ അനുവദിക്കപ്പെട്ട കെട്ടിടം മൂന്ന് നിലകളിൽ പ്രവർത്തിക്കുന്നു.

പ്രസിഡന്റ് വ്യാപാര വ്യവസായ സമിതിയുടെ ഉടമസ്ഥതയിൽ താഴെപറയും പ്രകാരം കെട്ടിടങ്ങൾ 14-ാം വാർഡിൽ പ്രവർത്തിക്കുന്നുണ്ട്.

| കടമുറി നമ്പർ | തറ വിസ്തീർണ്ണം | ഉപയോഗ ക്രമം |
|---|---|---|
| 14/611 | താഴത്തെ നില (10.2 ച മീ ) | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ |
| 14/612 | താഴത്തെ നില (12.75 ച മീ ) | |
| 14/613 | താഴത്തെ നില (7.64 ച മീ ) | |
| 14/614 | താഴത്തെ നില (14.52 ച മീ ) | |
| 14/615 | താഴത്തെ നില (14.52 ച മീ ) | |
| 14/616 | താഴത്തെ നില (8.36 ച മീ ) | |

അസസ്സ്മെന്റ് ഡീറ്റെയ്ൽസ് പ്രകാരം താഴത്തെ നിലയിലെ കെട്ടിടങ്ങൾക്ക് മാത്രമാണ് നമ്പർ നൽകിയിട്ടുള്ളത്. 20-1-2023 ൽ 4.15 PM ന് വസ്തുനികുതി സെക്ഷൻ ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിടം 3 നിലകളിൽ പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടു.

വരാപ്പുഴ ഗ്രാമപഞ്ചായത്തിന് ലഭിച്ച 7-1-2023 ലെ SC1 221/23 നമ്പർ വിവരാവകാശ അപേക്ഷയിന്മേൽ 14-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന വ്യാപാരി വ്യവസായി സമിതി വക സ്ഥലത്തെ കെട്ടിടത്തിന്റെ ഒന്നാം നിലയിലുള്ള മുറികൾക്കും രണ്ടാം നിലയിലുള്ള മുറികൾക്കും പഞ്ചായത്ത് കെട്ടിടനമ്പർ അനുവദിച്ച് നൽകിയിട്ടില്ല എന്ന് മറുപടി നൽകിയിട്ടുണ്ട്. പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ അനധികൃതമായി കെട്ടിട നിർമ്മാണം നടത്തിയിട്ടും കേരള പഞ്ചായത്ത് ബിൽഡിംഗ്സ് റൂൾസ് പ്രകാരം നടപടികൾ സ്വീകരിക്കാഞ്ഞതിനും അനധികൃതമായി ചെയ്ത അധിക നിർമ്മാണത്തിന് കേരള പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളും ചട്ടം 235 എഎ പ്രകാരം വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നും മേൽ കെട്ടിടം റെഗുലറൈസ് ചെയ്യുന്നതിനുള്ള അപേക്ഷ നൽകിയിട്ടുണ്ടോ എന്നും സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (12/21-1-2023) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. കേരള പഞ്ചായത്ത് ബിൽഡിംഗ്സ് റൂൾസ് പ്രകാരം നടപടി സ്വീകരിക്കേണ്ടതും

അനധികൃതമായി ചെയ്ത അധിക നിർമ്മാണത്തിന് ചട്ട പ്രകാരം വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതുമാണ്.

### 1-16 ബൈലോ തയ്യാറാക്കാതെ ഹാൾ വാടകക്ക് നൽകുന്നു.

വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഹാളിൽ നിന്നും വാർഷിക ധനകാര്യപത്രിക R&P3 - 130300101 - Rent From Auditoriums And Halls ഹെഡ് പ്രകാരം തൻവർഷം 83000 രൂപ വരവ് ലഭ്യമായിട്ടുണ്ട്. മഹാത്മ ഗാന്ധി ഹാളിന്റെ വാടക രജിസ്റ്റർ പ്രകാരം വിവിധ നിരക്കുകളിലാണ് ഹാൾ വാടകക്ക് നൽകിയിരിക്കുന്നത്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ബുക്കിംഗ് തീയതി | പ്രോഗ്രാം നടന്ന തീയതി | വാടക |
|---|---|---|---|
| 1 | 23-9-2021 | 30-9-2021 | 1000 |
| 2 | 16-10-2021 | 31-10-2021 | 2500 |
| 3 | 2-11-2021 | 2-1-2022 | 15000 |

ഹാളിന്റെ വാടക സംബന്ധിച്ച് ബൈലോ തയ്യാറാക്കിയിട്ടില്ല. ഏത് മാനദണ്ഡ പ്രകാരമാണ് വ്യത്യസ്ത നിരക്കുകളിൽ വാടക നിർണ്ണയിച്ചതെന്ന് വ്യക്തമല്ല. ക്രമ നമ്പർ 1,2 എന്നിവ വിവാഹാവശ്യത്തിന് വേണ്ടി ബുക്ക് ചെയ്തതാണെങ്കിലും രണ്ട് നിരക്കിലാണ് വാടക ഈടാക്കിയത്. മേൽവിവരങ്ങൾ സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. വിവാഹാവശ്യത്തിന് വ്യത്യസ്ത നിരക്കിൽ വാടക നിശ്ചയിച്ചിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സർക്കാർ അംഗീകൃത ബൈലോ തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം ഹാൾ വാടകക്ക് നൽകാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-17 റോഡ് റിസ്റ്റോറേഷൻ ഫീസ് 2.41 കോടി രൂപ ലഭിച്ചില്ല – റോഡുകൾ നാല് വർഷമായി തകർന്ന് കിടക്കുന്നു.

കിഫ്ബി കുടിവെള്ള പദ്ധതിയുടെ ഭാഗമായി പൈപ്പിടുന്നതിന് റോഡ് കട്ടിംഗ് നടത്തിയ ഗ്രാമ പഞ്ചായത്തിലെ റോഡുകൾ വാട്ടർ അതോറിറ്റിയിൽ നിന്ന് റോഡ് റിസ്റ്റോറേഷൻ ഫീസ് ലഭിക്കാത്തതിനാൽ നാല് വർഷമായി തകർന്ന് കിടക്കുന്നു. കുടിവെള്ള പദ്ധതി നടപ്പാക്കലിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്ത് ചട്ടപ്രകാരം നിർവ്വഹിക്കേണ്ട ചുമതലകൾ നിർവ്വഹിച്ചില്ല. ഇക്കാരണത്താൽ ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം വാർഡുകളിലേയും ജനങ്ങൾ വലിയ യാത്രാ ദുരിതമാണ് നേരിടുന്നത്. ഇതുമായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 14/1/03.05.2019 നം തീരുമാനം താഴെ ചേർക്കുന്നു.

"വരാപ്പുഴ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ( അഞ്ചാം വാർഡ് മെമ്പർ ) 25.4.2019 ലെ കത്ത് പ്രകാരം അഞ്ചാം വാർഡിൽ പുതിയ പൈപ്പ് ലൈൻ സ്ഥാപിച്ചത് മൂലം ഫാദർ മാനവൽ റോഡ് ചളിയും വെള്ളവും മൂലം സഞ്ചാര യോഗ്യമല്ലാതായി തീർന്നിരിക്കുകയാണെന്നും കാൽ നടക്കാരും ഇരുചക്ര വാഹനക്കാരും ഈ വഴിയിൽ തെന്നി വീണ് നിത്യേന അപകടമുണ്ടാകുന്നുവെന്നും പരിസര വാസികൾക്ക് പുറത്തേക്ക് പോവുന്നതിന് മറ്റൊരു മാർഗ്ഗവുമില്ലാ എന്ന് അറിയിച്ചത് ചർച്ച ചെയ്തു. അഞ്ചാം വാർഡിൽ മാത്രമല്ല മറ്റെല്ലാ വാർഡുകളിലും ഈ സ്ഥിതി നിലനിൽക്കുന്നതായി കമ്മിറ്റി വിലയിരുത്തി. ആയതിനാൽ റോഡ് വെട്ടിപ്പൊളിച്ചത് പൂർവ്വസ്ഥിതിയിലാക്കുന്നതിന് KWA യോട് അഭ്യർത്ഥിക്കുന്നതിന് ഐകകണ്ഠ്യേന അംഗീകരിച്ച് തീരുമാനിച്ചു." ഗ്രാമ പഞ്ചായത്തിലെ റോഡുകളുടെ പൊതു അവസ്ഥ ഈ കമ്മറ്റി തീരുമാനത്തിൽ നിന്ന് വ്യക്തമാണ്.

കുടിവെള്ള പദ്ധതി നിർവ്വഹണത്തിൽ ഗ്രാമപഞ്ചായത്തിന് സംഭവിച്ച വീഴ്ചകൾ താഴെ ചേർക്കുന്നു. അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറികൾ നൽകിയെങ്കിലും ( നം 11/20.01.2023, 17/21.01.2023 ) മറുപടി ലഭ്യമാക്കിയില്ല.

1) ഗ്രാമ പഞ്ചായത്തിൽ നിന്ന് ലഭ്യമായ വിവരങ്ങൾ പ്രകാരം 2018 ലാണ് കുടിവെള്ള പ്രൊജക്ട് ആരംഭിച്ചിട്ടുള്ളത്. എന്നാൽ പ്രൊജക്ട് സംബന്ധിച്ച ഫയൽ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. പ്രധാനപ്പെട്ട പ്രവൃത്തിയുടെ ഫയൽ സൂക്ഷിക്കാത്തത് ആഭ്യന്തര നിയന്ത്രണത്തിലെ വലിയ പോരായ്മയാണ്.

2) കേരള വാട്ടർ അതോറിറ്റിയുടെ ഇ-ടെണ്ടർ രേഖ (E-TENDER No.21/201617/SE/PHC/CHN/24.04.2017) ന്റെ പേജ് നം 111 പ്രകാരം പി ഡബ്ല്യൂ ഡി. നാഷണൽ ഹൈവേ, ഗ്രാമപഞ്ചായത്ത് എന്നീ റോഡുകളുടെ റോഡ് റെസ്റ്റൊറേഷൻ ചാർജ് വാട്ടർ അതോറിറ്റി നൽകുന്നതാണ്. മാതൃഭൂമി ദിനപത്രത്തിലെ 26.04.2022 ലെ വാർത്ത പ്രകാരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന വരാപ്പുഴ കുടിവെള്ള പദ്ധതിയുടെ റോഡ് റിസ്റ്റൊറേഷൻ ചാർജിനത്തിൽ ആദ്യ ഘട്ടത്തിൽ 1.50 കോടി രൂപയും രണ്ടാം ഘട്ടത്തിൽ 2.511 കോടി രൂപയും വാട്ടർ അതോറിറ്റി പി ഡബ്ല്യൂ ഡിക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഈയിനത്തിൽ യാതൊരു തുകയും ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. പ്രൊജക്ടിന്റെ ഭാഗമായി ഏറ്റവുമധികം റോഡ് കട്ട് ചെയ്യുന്ന ഗ്രാമ പഞ്ചായത്തിന് റിസ്റ്റൊറേഷൻ ചാർജിനത്തിൽ തുക ലഭിക്കാത്തത് വലിയ ബുദ്ധിമുട്ടുകളാണ് ഗ്രാമ പഞ്ചായത്തിന് സൃഷ്ടിച്ചിട്ടുള്ളത്.

പ്രൊജക്ടിൽ നിശ്ചയിച്ചിരുന്ന റോഡ് റിസ്റ്റൊറേഷൻ ചാർജ്, ആകെ അടങ്കൽ എന്നിവ പുനർനിർണ്ണയിക്കുന്നത് സംബന്ധിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർ വാട്ടർ അതോറിറ്റി സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് 4.10.2019 ൽ DB/KLMYA//1161/17 പ്രകാരം കത്ത് നൽകിയിട്ടുണ്ട്. ആയതിലെ പ്രധാന പരാമർശങ്ങൾ താഴെ ചേർക്കുന്നു.

A) പ്രൊജക്ട് അടങ്കൽ 16.50 കോടിയിൽ നിന്ന് 21.65 കോടി രൂപയായി ഉയർത്തണം.

B) വരാപ്പുഴ ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ട റോഡ് റിസ്റ്റൊറേഷൻ ചാർജായ 2.41 കോടി രൂപ പ്രൊജക്ട് അടങ്കലിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഇപ്രകാരം തുക അടങ്കലിൽ വകയിരുത്തിയിട്ടും ആയത് ഗ്രാമ പഞ്ചായത്തിന് അനുവദിക്കാത്തതിന്റെ കാരണം വ്യക്തമല്ല.

3) ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം റോഡുകളും കിഫ്ബി കുടിവെള്ള പദ്ധതിക്കായി രണ്ടു വർഷം മുൻപ് പൊളിച്ച് നാളിതുവരെ പുനരുദ്ധാരണം നടത്താത്തതിനാലും റോഡുകൾ പൂർണ്ണമായും തകർന്ന അവസ്ഥയിലാണെന്ന് 29.08.2022 ലെ 1-ാം നമ്പർ കമ്മറ്റി തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും വെള്ളക്കെട്ട് ഭീഷണി നേരിടുന്ന പ്രദേശങ്ങളാണെന്നും ആയതിനാൽ അടിയന്തിരമായി മെയിന്റനൻസ് ഗ്രാന്റ് ( റോഡ് ) വകയിരുത്തി ടൈൽ വർക്ക് ചെയ്യുന്നതിന് അസി:എഞ്ചിനീയർ എൽ എസ് ജി ഡി യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തികൾ ഗ്രാമ പഞ്ചായത്ത് ചെയ്തിട്ടില്ല. ഇക്കാര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയില്ല.

പ്രൊജക്ടിന് ഗ്രാമ പഞ്ചായത്ത് നൽകിയ അനുമതിയുമായി ബന്ധപ്പെട്ട താഴെ പറയുന്ന വിവരങ്ങൾ/രേഖകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

(1) അനുമതി നൽകൽ അംഗീകാര രേഖകൾ

A) പഞ്ചായത്ത് കമ്മറ്റി തീരുമാന നം /തീയതി

B) തീരുമാനത്തിൽ ഒപ്പിട്ട അംഗങ്ങളുടെ വിവരം.

C) സെക്രട്ടറിയുടെ പേര്

(2) റോഡുകളുടെ വിവരം, എഗ്രിമെന്റ്

ഗ്രാമ പഞ്ചായത്തിലെ ഏതെല്ലാം വാർഡുകളിൽ,ഏതെല്ലാം റോഡുകളിൽ, എത്ര ദൂരത്തിൽ, ഏത് കാലയളവിലാണ് റോഡ് കട്ടിംഗ് നടത്തിയത് എന്ന വിവരവും വാട്ടർ അതോറിറ്റിയുമായി ഒപ്പിട്ട എഗ്രിമെന്റിന്റെ വിവരവും ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

3)റോഡുകൾ പൊട്ടിപ്പൊളിഞ്ഞ് കിടക്കുന്നതിന്റെ വിവരം ബന്ധപ്പെട്ട വാർഡ് മെമ്പർമാർ അറിയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും, റോഡ് നിർമ്മാണത്തിന് നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ/ പരാതി എന്നിവ പഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

4)റോഡ് റിസ്റ്റൊറേഷൻ ഫീസ്, റോഡ് അറ്റകുറ്റപ്പണി എന്നിവ സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് കിഫ്ബി, വാട്ടർ അതോറിറ്റി എന്നിവയുമായി ഔദ്യോഗിക കത്തിടപാടുകൾ നടത്തിയിട്ടില്ല, എന്നാൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റിസ്റ്റൊറേഷൻ ഫീസ് ലഭിക്കുന്നതിന് നിരവധി ഇടപെടലുകൾ നടത്തിയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കി.

ഓഡിറ്റ് നിർദ്ദേശം

റോഡ് റിസ്റ്റൊറേഷൻ ഫീസിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട 2.41 കോടി രൂപ വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. തകർന്ന് കിടക്കുന്ന റോഡുകൾ അടിയന്തിരമായി അറ്റകുറ്റപ്പണികൾ/നിർമ്മാണം നടത്തി ഗതാഗതയോഗ്യമാക്കേണ്ടതാണ്.

## 1-18 തനത് ഫണ്ട് വൗച്ചറുകൾ

1) തനത് ഫണ്ട് വൗച്ചറുകൾ-അപാകതകൾ

വരാപ്പുഴ ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തിലെ ലഭ്യമാക്കിയ തനത് ഫണ്ട് വൌച്ചറുകൾ ക്രമപ്രകാരമല്ല സൂക്ഷിച്ചിട്ടുള്ളത്. 7/2021 വരെ സാംഖ്യ സമ്പ്രദായത്തിലും തുടർന്ന് ILGMS സമ്പ്രദായത്തിലുമാണ് അകൌണ്ടുകൾ കൈകാര്യം ചെയ്തിട്ടുള്ളത്. ബിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും പേയ്മെന്റ് ഓർഡർ ക്രമപ്രകാരമല്ല രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ചെലവ് ചെയ്ത എല്ലാ തുകകളും രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും അവയുടെ വൌച്ചറുകൾ പരിശോധനയ്ക്കായി ഹാജരാക്കിയോ എന്നും അറിയുവാൻ സാധിക്കുന്നില്ല. ചെലവു സംബന്ധിച്ച ആധികാരിക രേഖകൾ ഹാജരാക്കാത്തതിനാൽ പണം പിൻവലിക്കൽ (Withdrawls) പരിശോധന നടത്തുന്നതിനും സാധിച്ചിട്ടില്ല. ബാങ്ക് ബുക്കിലെ രേഖപ്പെടുത്തലുകളും ബാങ്ക് പാസ് ബുക്ക്/സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല. ബാങ്ക് ബുക്കിലെ രേഖപ്പെടുത്തലുകളും ബാങ്ക് പാസ് ബുക്ക്/സ്റ്റേറ്റ്മെന്റുമായി പേയ്മെന്റ് ഓർഡർ ക്രമപ്രകാരം പൊരുത്തപ്പെടുത്തി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തി നിജസ്ഥിതി ഓഡിറ്റിൽ വ്യക്തമാക്കുന്നതിന് ഭരണസമിതിയോട് ശുപാർശ ചെയ്യുന്നു.

2) തനത് ഫണ്ട് ചെലവുകൾ ചെലവു രേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല

ചുവടെ ചേർക്കുന്ന തനത് ഫണ്ട് ചെലവുകൾ ചെലവു രേഖയിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം | പ്രോജക്റ്റ് നം/പേര് | തുക |
|---|---|---|
| 1 | 177/21-22 സോളാർ സിസ്റ്റം - ഓൺ ഗ്രിഡ് സിസ്റ്റമാക്കിമാറ്റൽ | 68321 |
| 2 | 198/21-22 ലാപ്പ് ടോപ്പ് വാങ്ങൽ | 110000 |
| 3 | 45/21-22 ഗ്രോബാഗിൽ പച്ചക്കറി തൈ വിതരണം | 75500 |

തനത് ഫണ്ടിൽ നിന്നുള്ള എല്ലാ ചെലവുകളും ചെലവു രേഖയിൽ ഉൾപ്പെടുത്തേണ്ടതാണ്.

(അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 21.1.2023 ൽ 20 ാം നമ്പരായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.)

## 1-19 ഗ്രോബാഗിൽ പച്ചക്കറി തൈ വിതരണം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഗ്രോബാഗിൽ പച്ചക്കറി തൈ വിതരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ടിന്റെ നം / വർഷം | 45/21-22 |
| അടങ്കൽ തുക / ഫണ്ട് | 594000, രൂപ, (വികസന ഫണ്ട് : 445036, ഗുണഭോക്തൃ വിഹിതം:148500) തനത് ഫണ്ട് 464/- |

| | |
|---|---|
| ചെലവ് തുക/ ബിൽ നം തിയതി | 1) 226500 രൂപ. ബിൽ നം 164/തിയതി 30.12.2021<br>2) 218536 രൂപ. ബിൽ നം 261/തിയതി 9.3.2022<br>3) 73000/- Ch.no. 5581102/18.3.2022<br>4) 464/- തനത് ഫണ്ട് (ചെക്ക് നം.തീയതി ലഭ്യമായിട്ടില്ല) |

വരാപ്പുഴ ഗ്രാമപഞ്ചായത്ത് കൃഷി ഓഫീസർ 2021-22 വർഷം നടപ്പാക്കിയ ഗ്രോബാഗിൽ പച്ചക്കറി തൈ വിതരണം എന്ന പ്രോജക്റ്റിനായി 5,18,500/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പ്രോജക്റ്റിന്റെ നടത്തിപ്പിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്.

1) പ്രൊജക്ട് അടങ്കലിന്റെ ആകെതുകയിൽ 75% സബ്സിഡിയും ബാക്കി തുക ഗുണഭോക്തൃ വിഹിതവുമാണ്. ഗുണഭോക്തൃവിഹിതമായി 148500/- രൂപ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും ചെലുവു രേഖയിൽ 75,500/- രൂപ ഉൾപ്പെടുത്തിയിട്ടില്ല. ചെലവു രേഖയിൽ ഉൾപ്പെടുത്താതെയാണ് ഗുണഭോക്തൃവിഹിതം ചെലവു ചെയ്തത്.

2) Agro Service Centre, Alangad നിന്നും ഗ്രോബാഗിൽ പച്ചക്കറി തൈ വാങ്ങിയ Invoice മാത്രമാണ് ഫയലിൽ ഉള്ളത് . ക്യാഷ് ബിൽ ഹാജരാക്കിയില്ല. എന്നാൽ വാങ്ങിയ തൈകൾ വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 21.1.2023 ൽ 13ാം നമ്പരായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി തുടർന്ന് ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചു. വകുപ്പുകൾ മുഖേനയും വിവിധ സ്കീം വഴിയായി ഇത്തരം പ്രോജക്റ്റുകൾ നടപ്പാക്കുന്നതിനാൽ ബില്ലുകളും അനുബന്ധരേഖകളും കൃത്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-20 പഞ്ചായത്ത് ഓഫീസ് സോളാർ സിസ്റ്റം - ഓൺ ഗ്രിഡ് സിസ്റ്റമാക്കിമാറ്റൽ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പഞ്ചായത്ത് ഓഫീസ് സോളാർ സിസ്റ്റം - ഓൺ ഗ്രിഡ് സിസ്റ്റമാക്കിമാറ്റൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം / വർഷം | 1) 177/21-22 |
| അടങ്കൽ തുക / ഫണ്ട് | 1) 277679രൂപ, വികസന ഫണ്ട്<br>2)68321 രൂപ, തനത് ഫണ്ട്. (General Purpose Grant) |
| ചെലവ് തുക/ ബിൽ നം തിയതി | 1) 138400രൂപ . ബിൽ നം 223/തിയതി 15.2.2022<br>2) 139279 രൂപ. ബിൽ നം 332/തിയതി 24.3.2022<br>3) 68,321/- രൂപ. ബിൽ നം 333/തിയതി 24.3.2022 |

വരാപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2021-22 വർഷം നടപ്പാക്കിയ പഞ്ചായത്ത് ഓഫീസ് സോളാർ

സിസ്റ്റം - ഓൺ ഗ്രിഡ് സിസ്റ്റമാക്കിമാറ്റൽ എന്ന പ്രോജക്ട് പ്രകാരം കെൽട്രോൺ 25.3.2013 ൽ സ്ഥാപിച്ച ഓഫ് ഗ്രിഡ് സോളാർ സിസ്റ്റം ഓൺ ഗ്രിഡ് സിസ്റ്റമാക്കി മാറ്റുന്നതിന് തുക ചെലവഴിച്ചിട്ടുണ്ട്. ഈ പ്രോജക്ടിന്റെ നടത്തിപ്പിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട്

1) ഓഫ് ഗ്രിഡ് സോളാർ സിസ്റ്റത്തിനായുണ്ടായിരുന്ന ബാറ്ററി / മറ്റ് ഉപകരണങ്ങളുടെ നിലവിലെ സ്ഥിതിയും ഓഫ് ഗ്രിഡ് സോളാർ സിസ്റ്റം സംബന്ധിച്ച ഫയൽ, എഗ്രിമെന്റ് മുതലായവയും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2) ഓൺ ഗ്രിഡ് സിസ്റ്റമാക്കിമാറ്റൽ എന്ന പ്രോജക്ടിനായി 68,321/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവു ചെയ്തിട്ടുണ്ട്. ഹാജരാക്കിയ ഫയലിൽ കെൽട്രോണിൽ നിന്നുള്ള വിവിധ ബില്ലുകൾ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഈ ചെലവിന്റെ ആധികാരികത വ്യക്തമല്ല. മാത്രമല്ല ഈ തുക സുലേഖ ചെലവു രേഖയിൽ ഉൾപ്പടുത്തിയിട്ടുമില്ല.

3) ഓൺ ഗ്രിഡ് സോളാർ സിസ്റ്റം സ്ഥാപിച്ചതും തുടർന്നുള്ള ഊർജ്ജ വിനിയോഗം സംബന്ധിച്ച് KSEB യുമായുള്ള കരാർ തയ്യാറാക്കിയിട്ടില്ല.

ഓൺ ഗ്രിഡ് സോളാർ സിസ്റ്റം സംബന്ധിച്ച് KSEB യുമായി കരാർ തയ്യാറാക്കി ഗ്രാമപഞ്ചായത്തിന്റെ ഊർജ്ജ വിനിയോഗം ക്രമീകരിക്കേണ്ടതാണ്.

1-21 തെരുവു വിളക്ക പരിപാലനം- ട്യൂബ്സെറ്റ് വാങ്ങൽ

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തെരുവു വിളക്ക പരിപാലനം- ട്യൂബ്സെറ്റ് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം / വർഷം | 1)114/21-22 |
| അടങ്കൽ തുക / ഫണ്ട് | 1) 689299 രൂപ. , ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് തുക/ ബിൽ നം തിയതി | 1) 689299/- രൂപ. ബിൽ നം 378/തിയതി 31.3.2022 |

വരാപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2021-22 വർഷം നടപ്പാക്കിയ തെരുവു വിളക്ക പരിപാലനം – Street Light വാങ്ങൽ എന്ന പ്രോജക്ടിനായി 6,89,299/- രൂപ (United Electricals Industry) ചെലവഴിച്ചിട്ടുണ്ട്. ഈ പ്രോജക്ടിന്റെ നടത്തിപ്പിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ട് .

1) വരാപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2021-22 വർഷം തെരുവു വിളക്ക പരിപാലനത്തിനായി 111/22 എന്ന പ്രോജക്ട് പ്രകാരം 24.6.2021 ൽ ഇ-ടെൻഡർ ക്ഷണിക്കുകയും M/s. AR Lights, Kottappuram ന്റെ ടെൻഡർ 8,00,000/- രൂപയ്ക്ക് ഒരു വർഷത്തേയ്ക്ക് കമ്മറ്റി അംഗീകരിച്ച് 7,93,990/- രൂപ ചെലവുചെയ്തിട്ടുള്ളതാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ തെരുവു വിളക്കുകളും 31.3.2022 വരെ പ്രവർത്തനക്ഷമമാക്കേണ്ടതിനായിരുന്ന പ്രൊജക്ട്. കൂടാതെ മെയിന്റനൻസ് ചെയ്യുന്ന തെരുവു വിളക്കുകൾക്ക് ഒരു വർഷത്തെ ഗ്യാരണ്ടി നല്കേണ്ടതാണ് തുടങ്ങിയ പൊതു വ്യവസ്ഥകൾ ടെൻഡറിൽ സൂചിപ്പിച്ചിട്ടുള്ളതാണ്. അതോടൊപ്പം വീണ്ടും തെരുവു വിളക്ക പരിപാലനത്തിനായി 114/21-22 എന്ന പ്രോജക്ട് പ്രകാരം 6,89,299/- രൂപ ചെലവഴിച്ചത് എപ്രകാരമാണ് എന്ന് വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക ഹാജരാക്കിയില്ല.

2) പഞ്ചായത്ത് പരിധിയിലുള്ള എല്ലാ തെരുവു വിളക്കുകളും സംബന്ധിച്ച് KSEB യുമായി സംയുക്ത പരിശോധന നടത്തി എണ്ണം രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക ഹാജരാക്കിയില്ല.

3) United Electricals Industry യുമായുള്ള എഗ്രിമെന്റിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. തെരുവു വിളക്ക് സ്ഥാപിച്ചതായുള്ള രേഖകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

4) ഹാജരാക്കിയ Stock രജിസ്റ്റർ പ്രകാരം മുൻവർഷം തെരുവു വിളക്ക പരിപാലനം- Street Light

വാങ്ങൽ നടപ്പാക്കിയിട്ടുള്ളതാണ്. എന്നാൽ ഒരു വർഷത്തെ ഗ്യാരണ്ടി എന്ന നിബന്ധന പാലിച്ചതായി കാണുന്നില്ല.

5) Stock രജിസ്റ്ററിൽ Street Light വാങ്ങിയ ബിൽ നം., തീയതി വിവരങ്ങൾ ഉൾപ്പെടെ ചേർത്ത് ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി 23.2.23 ൽ 23ാം നമ്പരായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവഴിച്ച 6,89,299/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-22 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

വരാപ്പുഴ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2021-22 വർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്റ്റുകളുടെ എഗ്രിമെന്റ്, വിനിയോഗസാക്ഷ്യപത്രം, Unspent Balance തിരികെ ലഭിച്ചിട്ടുള്ളത് ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത വിശദാംശം എന്നിവ ഹാജരാക്കാത്തതിനാൽ 9,61,971/-തുക തടസ്സപ്പെടുത്തുന്നു.

| ക്രമ നം | പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര് | ചെലവഴിച്ച തുക | ബിൽ നം /ചെക് നം /തുക |
|---|---|---|---|---|
| 1 | 2/21-22 | IKM വിഹിതം നല്കൽ | 82880/-വികസന ഫണ്ട് | 7/24.5.2021 തുക82880/- |
| 2 | 113/21-22 | ജലശുചീകരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് KWA യ്ക്ക് നല്കിയ തുക | 1)13,00,000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 1)234/22.2.22,തുക 13,00,000/- Unspent Balance: 379562/- |
| 3 | 115/21-22 | സ്ട്രീറ്റ് ലൈൻ വലിക്കൽ | 499529/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 379/31.3.22, തുക499529/- |
| | | | ആകെ | 9,61,971/- |

Unspent Balance തിരികെ ബാങ്കിൽ ക്രഡിറ്റ് ചെയ്യേണ്ടതും മറ്റ് പ്രോജക്റ്റുകളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതുമാണ്.

1-23 ഓഡിറ്റ് ഇംപാക്ട്

1) ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷവും പെൻഷൻതുക കൈമാറിയത് സംബന്ധിച്ച് 18-1-2023 ന് നൽകിയ ഓഡിറ്റ് എൻക്വയറി -2 നുള്ള മറുപടിയിൽ അധികം നൽകിയ 1,02,400/- രൂപ കേരള സംസ്ഥാന സർക്കാരിന്റെ കേരള സ്റ്റേറ്റ് കോ ഓപറേറ്റീവ് ബാങ്ക് അക്കൌണ്ട് നമ്പർ – 110110801000251 അക്കൌണ്ടിലേക്ക് അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കി.

2) കടമുറികളുടെ വാടക കുറവായി നിർണ്ണയിച്ചത് സംബന്ധിച്ച് 19-1-2023 ന് നൽകിയ ഓഡിറ്റ് എൻക്വയറി – 8 നുള്ള മറുപടിയിൽ 7302/- രൂപ (3390 രൂപ = 1220106699/21-1-2023, 3912 രൂപ –1220106796/24-1-2023) അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കി

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-2022 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | 2020-21 ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 953248 | കോൺവെന്റ് റോഡ് അറ്റകുറ്റപ്പണി | 953248 | |
| | | 13,29,249 | അരയത്തിക്കടവ്റോഡ് അറ്റകുറ്റപ്പണി | 13,29,479 | |
| | | 619800 | ഷാപ്പുപടി- മരോട്ടിച്ചോട് റോഡ് അറ്റകുറ്റപ്പണി | 619800 | |
| | | 1000000 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ധനസഹായം | 1000000 | |
| | " | 934583 | തേവർകാട് - അന്ധിക്കാട് റോഡ് അറ്റകുറ്റപ്പണി | 934583 | |
| | " | 2912203 | അട്ച്ചിൽ കടവ് അറ്റകുറ്റപ്പണി | 2912203 | |
| | | 552982 | ഷാപ്പുപടി- അറയ്ക്കൽ റോഡ് അറ്റകുറ്റപ്പണി | 552982 | |
| | | 193004 | അറയ്ക്കൽ റോഡ് അറ്റകുറ്റപ്പണി | 193004 | |
| | | 400000 | പൊക്കാളി നെൽക്കൃഷി വികസനം | 400000 | |
| | | 549942 | ദേവസ്വംപാടം റോഡ് | 549942 | |
| | | 39,877 | തോടുകളും കുളങ്ങളും നവീകരിക്കൽ | 39877 | |
| | | | ആകെ | 9485118 | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 343717 | അംഗൻവാടി അനുപൂരക പോഷകാഹാരപരിപാടി | 343717 | |
| | | 544000 | പൊക്കാളി നെൽക്കൃഷി വികസനം | 544000 | |
| | | 300000 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ധനസഹായം | 300000 | |
| | | 243271 | പാലിയേറ്റീവ് പരിചരണം Proj.78 | 243271 | |
| | | 59212 | പാലിയേറ്റീവ് പരിചരണംproj.143 | 59212 | |

| | | | | |
|---|---|---|---|---|
| | | ആകെ | 14,90,200 | |

മുൻവർഷങ്ങളിൽ ജില്ലാ -ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭിച്ച സംയുക്ത പ്രൊജക്ടുകൾക്കുവേണ്ടി ലഭിച്ച ഫണ്ട് പഞ്ചായത്തിന്റെ ജോയിന്റ് വെൻച്വർ അക്കൗണ്ടിൽ 01.04.2020ൽ മുന്നിരിപ്പായുണ്ടായിരുന്നു. അതിൽ നിന്ന് ചെലവഴിച്ച തുക കഴിച്ച് 31.03.2022ൽ ബാക്കി നിൽക്കുന്ന തുകയുടെ വിവരം താഴെപ്പറയുന്നു.

| | മുൻവർഷങ്ങളിലെ മുന്നിരുപ്പ് | 2020-21 വരവ് | | ആകെ വരവ് ( OB+ RTുക്ത S) | ചെലവ് | | | | നീക്കിയിരുപ്പ് | |
|---|---|---|---|---|---|---|---|---|---|---|
| | | RP-7 | ആകെ വരവ് | | TSB A/C ൽ നിന്ന് ചെലവഴിച്ചത് | നേരിട്ട് ചെലവഴിച്ചത് RP-7 | ആകെ ചെലവ് | ആകെ ചെലവ് | B4 ഷെഡ്യൂൾ പ്രകാരം | നേരിട്ട് ചെലവഴിച്ചത് ബാക്കി |
| ബ്ലോക്ക് പഞ്ചായത്ത് (Capital) 320 700 104 | 1000000 | 0 | 0 | 1000000 | 0 | 0 | 0 | 0 | 1000000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് (Revenue) 320 700 204 | 1120020 | 2967167 | 2967167 | 4087187 | 1120000 | 2967167 | 4087167 | 4087167 | 20 | 0 |
| ജില്ലാ പഞ്ചായത്ത് (Revenue) 320 700 205 | 2088684 | 14490043 | 14490043 | 16578727 | 1461984 | 14490043 | 15952027 | 15952027 | 626700 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2021-2022 വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഏജൻസിയുടെ പേര് | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | ബിൽ നം /ചെക് നം /തുക |
|---|---|---|---|---|
| 1 | KSEB | 1/21-22 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ . | 97770/- വികസന ഫണ്ട് | 1)16/15.6.2021 , തുക 28621/-<br>2)62/1.9.2021 ,തുക30141/-<br>3)68/6.9.2021,തുക39008/- |
| 2 | KSEB | 88/21-22 ഇലക്ട്രിക് പോസ്റ്റുകളിൽ മീറ്റർ സ്ഥാപിക്കൽ | 1,00,000/-വികസന ഫണ്ട് | 330/23.3.22, തുക1,00,000/- |
| 3 | KWA | 113/21-22 ജലശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് KWA യ്ക്ക് നല്കിയ തുക | 1)13,00,000/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 1)234/22.2.22,തുക 13,00,000/-<br>Unspent Balance: 379562/- |
| 4 | KSEB | 115/21-22 സ്ട്രീറ്റ് ലൈൻ വലിക്കൽ | 499529/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 379/31.3.22, തുക499529/- |

മുൻ വർഷങ്ങളിൽ KWA, KSEB എന്നീ സ്ഥാപനങ്ങളിൽ നിക്ഷേപിച്ച തുക

| നിർവ്വഹണ ഏജൻസി | നിക്ഷേപിച്ച തുക |
|---|---|
| കെ.എസ്.ഇ.ബി. | 12,16,230 |
| കെ.ഡബ്ല്യു.എ. | 2,40,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നല്കിയിട്ടില്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

## 4-6 ഓഡിറ്റ് റിക്കവറി

2021-22 വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | തുക | രസീത് നം |
|---|---|---|---|
| 2021-22 | 3-7 | 1360 | 1210103874/21.12.2021 |

## 4-7 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 70,00,000 |
| തൻവർഷം നിക്ഷേപിച്ച തുക | 50,00,000 |
| ആകെ | 120,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | NIL |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 120,00,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക | ബാങ്കിന്റെ പേര് |
|---|---|---|
| 1101057848/ 10.07.2017 | 15,00,000 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. നം. 1582 |
| 1101057847/ 10.07.2017 | 15,00,000 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. നം. 1582 |
| 1101058121/ 25.07.2017 | 15,00,000 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. നം. 1582 |
| 1101058106/ 25.07.2017 | 15,00,000 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. നം. 1582 |
| 110106810/ 28.03.2019 | 10,00,000 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. നം. 1582 |
| 0016950/30.9.21 | 10,00,000 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. നം. 1582 |
| 0016951/30.9.21 | 10,00,000 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. നം. 1582 |
| 0016952/30.9.21 | 10,00,000 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. നം. 1582 |
| 0016953/30.9.21 | 10,00,000 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. നം. 1582 |
| 0016954/30.9.21 | 10,00,000 | വരാപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ലി. നം. 1582 |
| ആകെ | 120,00,000 | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പുപ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|

| | വർഷം | | | |
|---|---|---|---|---|
| 2009-2010 & 2010-2011 | 2011-12 | 3.2.6.3 | റോഡ് നിർമ്മാണ-സംരക്ഷണ പ്രവൃത്തികളുടെ ആസൂത്രണവും, നിർവ്വഹണവും | പഞ്ചായത്ത് സമർപ്പിച്ച മറുപടി പരിശോധിച്ച് നിയമസഭാ സമിതിക്ക് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. |
| | | 3.2.7 | ആസ്തിരജിസ്റ്ററുകളുടെ പരിപാലനം | |
| | | 3.2.9 | കണക്ടിവിറ്റി പ്ലാൻ | |
| | | 3.2.10 | റോഡ് ചെയിനേജ് രേഖപ്പെടുത്തൽ-സർക്കാർ ഉത്തരവ് നടപ്പാക്കിയിട്ടില്ല | |
| | | 3.2.13 | ഗുണഭോക്തൃസമിതി പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല | |
| | | 3.2.15 | ഡ്രെയിനേജ് സംവിധാനം അപാകതകൾ | |
| | | 3.2.18 | ടെൻഡർ പ്രവൃത്തികളിലെ ക്രമക്കേട് | |
| 2019-20 | 2020-21 | 1.1.2 | മരണപ്പെട്ട/അർഹതയില്ലാത്ത ഗുണഭോക്താക്കൾക്ക് ക്ഷേമപെൻഷൻ അനുവദിക്കുന്നു | ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കിയതായി മറുപടി നല്കി |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 85938004 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 90094835 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 16,51,270 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| 1-21 | 6,89,299 | ബീഗം സൈന ബി.<br>സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| 1-22 | 9,61,971 | ബീഗം സൈന ബി.<br>സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| | 16,51,270 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
സംസ്ഥാന സർക്കാർ

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ബീഗം സൈന. ബി.<br>സെക്രട്ടറി | സെക്രട്ടറി<br>ഗ്രാമപഞ്ചായത്ത് | ബിസ്മി കോട്ടേജ്<br>പത്തടിപ്പാലം<br>ഇടപ്പിള്ളി |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-2000 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്-(പി-13) 507(1)/2018 തീയതി. 23.05.2018 | 4 | |
| 2007-2008 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്-(പി-13) 507(2)/2018 തീയതി. 23.05.2018 | 3 | |
| 2008-2009 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്-(പി-13) 507(3)/2018 തീയതി. 23.05.2018 | 5 | |
| 2009-2010 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്-(പി-13) 507(4)/2018 തീയതി. 23.05.2018 | 3 | |
| 2010-2011 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്-(പി-13) 507(5)/2018 തീയതി. 23.05.2018 | 2 | |
| 2011-2012 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്-(പി-13) 507(6)/2018 തീയതി. 23.05.2018 | 7 | |
| 2012-13 | കെ.എസ്.എ -ഇ.കെ.എം -അദാലത്ത്-(പി-13) 507(7)/2018 തീയതി. 23.05.2018 | 2 | |
| 2013-2014 | കെ.എസ്.എ -ഇ.കെ.എം (പി-11) 1783/15 തീയതി. 25.11.2015 | 1 | |
| 2014-2015 | കെ.എസ്.എ -ഇ.കെ.എം (പി-11) 884/16 തീയതി. 06.06.2016 | Nil | |
| 2015-2016 | കെ.എസ്.എ -ഇ.കെ.എം (പി-13) 1922/16 തീയതി. 05.11.2016 | 6 | |
| 2016-2017 | കെ.എസ്.എ -ഇ.കെ.എം (പി-13) 1593/17 തീയതി. 21.10.2017 | 10 | |
| 2017-2018 | കെ.എസ്.എ -ഇ.കെ.എം (പി-11) 2166/18 തീയതി. 01.12.2018 | 3 | |
| 2018-2019 | കെ.എസ്.എ -ഇ.കെ.എം (പി-13) 1574/19 | 3 | |
| 2019-2020 | കെ.എസ്.എ -ഇ.കെ.എം (പി-13) 730/2021 തീയതി.29.06.2021 | 9 | |
| 2021-22 | കെ.എസ്.എ -ഇ.കെ.എം (പി-13)524/22 തീ.26.07.22 | 14 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വരാപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്